REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 05-11-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ആഗോളതലത്തിൽ ഇന്ത്യക്ക് ആത്മവിശ്വാസം നൽകിയത് രാജ്യത്തിന്റെ സാമ്പത്തിക ശക്തിയാണെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ.**
- **നവകേരള നിർമ്മിതിയിലെ ഏറ്റവും വലിയ പങ്കാളിയായി കിഫ്ബിയെ മുന്നോട്ട് കൊണ്ടുപോകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പ് നാളെ.**
- **തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ രണ്ടാം ഘട്ടത്തിന് ഇന്നലെ കേരളമടക്കം 12 സംസ്ഥാനങ്ങളിലും, കേന്ദ്ര ഭരണ പ്രദേശങ്ങളിലും തുടക്കം കുറിച്ചു.**
- **സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന് വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ ഇന്ന് കൂടി അവസരം.**

## വാർത്തകൾ വിശദമായി

ആഗോളതലത്തിൽ ഇന്ത്യക്ക് ആത്മവിശ്വാസം നൽകിയത് രാജ്യത്തിന്റെ സാമ്പത്തിക ശക്തിയാണെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. ഡൽഹി സ്കൂൾ ഓഫ് ഇക്കണോമിക്സിൽ വജ്രജൂബിലി സമാപന പ്രഭാഷണം നടത്തുകയായിരുന്നു അവർ. 2014-ൽ പത്താമത്തെ വലിയ സമ്പദ്വ്യവസ്ഥയായിരുന്ന ഇന്ത്യ ഇന്ന് അഞ്ചാം സ്ഥാനത്തെത്തിയതായും അധികം താമസിയാതെ ലോകത്തെ മൂന്നാമത്തെ വലിയ സമ്പദ്വ്യവസ്ഥയായി ഇന്ത്യ മാറുമെന്നും ധനമന്ത്രി പറഞ്ഞു.

✪✪✪

ധനമന്ത്രി നിർമ്മല സീതാരാമൻ ന്യൂഡൽഹിയിൽ ശ്രീലങ്കൻ പ്രതിപക്ഷ നേതാവ് സജിത് പ്രേമദാസയുമായി കൂടിക്കാഴ്ച നടത്തി. ശ്രീലങ്കയുടെ സാമ്പത്തിക പ്രതിസന്ധിയും, ഇന്ത്യയുമായി ഉഭയകക്ഷി സാമ്പത്തിക, നിക്ഷേപ ബന്ധങ്ങൾ കൂടുതൽ ആഴത്തിലാക്കുന്നതിന് വഴികളും ഇരു നേതാക്കളും ചർച്ച ചെയ്തു. പ്രതിസന്ധി ഘട്ടങ്ങളിൽ ശ്രീലങ്കയിലെ ജനങ്ങൾക്ക് ഇന്ത്യ നൽകിയ പിന്തുണയ്ക്ക് പ്രേമദാസ നന്ദി അറിയിച്ചു.

✪✪✪

QS ഏഷ്യ യൂണിവേഴ്സിറ്റി റാങ്കിംഗിൽ ഇന്ത്യൻ യൂണിവേഴ്സിറ്റികളുടെ എണ്ണത്തിൽ റെക്കോർഡ് വർദ്ധനയുണ്ടായതിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു. ഗവേഷണത്തിലും നവീകരണത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് യുവാക്കൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു. അഞ്ച് IITകൾ, IISC ബെംഗളൂരു, ഡൽഹി യൂണിവേഴ്സിറ്റി എന്നിവയാണ് ഏഷ്യയിലെ മികച്ച 100 സ്ഥാപനങ്ങളിൽ ഇടം നേടിയത്.

✪✪✪

നവകേരള നിർമ്മിതിയിലെ ഏറ്റവും വലിയ പങ്കാളിയായി കിഫ്ബിയെ മുന്നോട്ട് കൊണ്ടുപോകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് നിർണായക പങ്കുവഹിക്കുന്ന കിഫ്ബി-യുടെ രജതജൂബിലി ആഘോഷങ്ങൾ തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

1999-ൽ അന്നത്തെ ഗവൺമെന്റ് കിഫ്ബി സംവിധാനം രൂപപ്പെടുത്തിയിരുന്നെങ്കിലും തുടർപ്രവർത്തനങ്ങൾ വലിയ രീതിയിൽ നടത്തിയില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. വിവിധ വികസന പദ്ധതികൾ നടപ്പിലാക്കാൻ ഫണ്ട് കിഫ്ബിയിലൂടെ കണ്ടെത്താനാകുമെന്ന ചിന്തയിൽ നിന്നാണ് 2016ൽ കിഫ്ബി പുനർജീവിപ്പിച്ചതെന്നും, എല്ലാ മേഖലയിലും വികസനം കൊണ്ടുവരിക എന്നതാണ് അതു കൊണ്ട് ഉദ്ദേശിച്ചതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

മലയാളത്തിലും ഇംഗ്ലീഷിലും കിഫ്ബി സ്മരണികയും, കിഫ്ബി മലയാളം മാസികയും മുഖ്യമന്ത്രി പ്രകാശനം ചെയ്തു. കിഫ്ബിയെ സംബന്ധിച്ച മുഴുവൻ

വിവരങ്ങളും ലഭ്യമാക്കുന്ന ബോട്ട് സോഫ്റ്റ്‌വെയറും, 'കിഫ്ബിവേഴ്‌സ്' എന്ന മെറ്റവേഴ്‌സ് പ്രദർശനവും മുഖ്യമന്ത്രി ലോഞ്ച് ചെയ്തു.

മികച്ച പദ്ധതി നിർവഹണ ഏജൻസികൾ, കരാറുകാർ തുടങ്ങിയവർക്ക് പുരസ്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്തു.

✪✪✪

ഭീകരതയോട് ആഗോളതലത്തിൽ ഒരു വിട്ടുവീഴ്ചയും ഇല്ലാത്ത സമീപനം ഉറപ്പാക്കുന്നതിന് ഇന്ത്യയും ഇസ്രായേലും പ്രതിജ്ഞാബദ്ധമാണെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ന്യൂഡൽഹിയിൽ രണ്ട് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനെത്തിയ ഇസ്രായേൽ വിദേശകാര്യ മന്ത്രി ഗിഡിയൻ സാറുമായി, വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്‌ശങ്കർ നടത്തിയ ചർച്ചകൾക്ക് ശേഷമാണ് മന്ത്രാലയം ഇക്കാര്യം അറിയിച്ചത്. ഇന്ത്യ-ഇസ്രായേൽ നയതന്ത്ര പങ്കാളിത്തവുമായി ബന്ധപ്പെട്ട വിശദമായ ചർച്ചകൾ ഇരു മന്ത്രിമാരും നടത്തിയതായി മന്ത്രാലയം പറഞ്ഞു.

✪✪✪

ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പ് നാളെ. 18 ജില്ലകളിലെ 121 നിയമസഭാ മണ്ഡലങ്ങളിലാണ് നാളെ വോട്ടെടുപ്പ് നടക്കുന്നത്. പരസ്യപ്രചാരണം ഇന്നലെ വൈകിട്ട് അവസാനിച്ചു. ഇന്ന് സ്ഥാനാർത്ഥികൾ നിശബ്ദ പ്രചാരണം നടത്തും.

✪✪✪

നരേന്ദ്ര മോദി ഗവൺമെന്റ് സെപ്തംബർ 22ന് പ്രഖ്യാപിച്ച വരുംതലമുറ GST പരിഷ്കരണം സമൂഹത്തിലെല്ലാവർക്കും ഗുണകരമായി മാറിക്കഴിഞ്ഞു. വിവിധ മേഖലകളിൽ GST നിരക്കുകൾ കുറച്ചത് രാജ്യത്തുനീടനീളം പൗരന്മാർക്ക് ആശ്വാസകരമായിരിക്കുകയാണ്. ഭക്ഷ്യമേഖലയിൽ വരുത്തി യ GST ഇളവിനെക്കുറിച്ച് ഒരു റിപ്പോർട്ട്....

.......വോയ്സ്........

വരുംതലമുറ GST പരിഷ്കരണത്തിന്റെ ഭാഗമായി ഭക്ഷ്യ സംസ്കരണ - വ്യവസായ മേഖലയിൽ ഗവൺമെന്റ് ഗണ്യമായ നികുതി ഇളവുകളാണ് നടത്തിയത്. അൾട്രാ-ഹൈ ടെമ്പറേച്ചർ പാൽ, പനീർ, ബ്രെഡ്, പൊറോട്ട എന്നിവയുടെ നികുതി പൂർണമായി ഒഴിവാക്കി. പാക്ക് ചെയ്ത ഭക്ഷ്യവസ്തുക്കളുടെ GST 12-ൽ നിന്ന് 5 ശതമാനമായി കുറച്ചു. വെണ്ണ, നെയ്യ്, കണ്ടൻസ്ഡ് പാൽ, ഐസ്ക്രീം, ചോക്ലേറ്റുകൾ എന്നിവയ്ക്ക് 5 ശതമാനം മാത്രമേ നികുതി ഈടാക്കൂ.

നികുതിയിലെ ഈ കുറവ് ഗാർഹിക ചെലവുകൾ കുറയ്ക്കാനും ദൈനംദിന ജീവിതം എളുപ്പമാക്കാനും ഉൽപാദന അളവ് വർദ്ധിപ്പിക്കാനും സഹായിച്ചു. ഉപഭോക്താക്കൾക്ക് പുറമെ, കർഷകർ, സഹകരണ സ്ഥാപനങ്ങൾ, MSME-കൾ, ചില്ലറ വ്യാപാരികൾ, കയറ്റുമതിക്കാർ തുടങ്ങി ഭക്ഷ്യ സംസ്കരണ ശൃംഖലയിലെ എല്ലാവർക്കും നികുതി ഇളവ് ഗുണം ചെയ്തു.

✪✪✪

സംസ്ഥാന വനിതാസെല്ലിന് കീഴിൽ രൂപീകരിച്ച സ്ത്രീകളുടെ സുരക്ഷാ വിഭാഗത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം, സംസ്ഥാന പോലീസ് മേധാവി രവഡ ചന്ദ്രശേഖർ കോഴിക്കോട്ട് നിർവഹിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനും ഇരകൾക്ക് അതിവേഗ നീതി ലഭ്യമാക്കാനുമാണ് സുരക്ഷാ വിഭാഗം രൂപീകരിച്ചത്.

എല്ലാ പോലിസ് സ്റ്റേഷനിലും വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു വനിത സബ്ബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു വുമൺ സേഫ്റ്റി ഓഫീസറെയും നിയമിക്കുമെന്ന് DGP പറഞ്ഞു.

✪✪✪

ഇന്ന് 556-ാമത് ഗുരുനാനാക് ജയന്തി. സിഖ് മതസ്ഥാപകനും, പത്ത് ഗുരുക്കന്മാരിൽ ഒന്നാമനുമാണ് ഗുരു നാനാക്. രാഷ്ട്രപതി ദ്രൗപതി മുർമു ജനങ്ങൾക്ക് ഗുരുനാനാക് ജയന്തി ആശംസകൾ നേർന്നു. അദ്ദേഹത്തിന്റെ ആദർശങ്ങളും മൂല്യങ്ങളും ഉൾക്കൊള്ളാനും, മെച്ചപ്പെട്ട സമൂഹം കെട്ടിപ്പടുക്കാനും ഈ അവസരം എല്ലാവരെയും പ്രചോദിപ്പിക്കുമെന്നും രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു.

✪✪✪

തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായ എന്യൂമറേഷൻ ഫോം വിതരണത്തിന് ഇന്നലെ കേരളമടക്കം 12 സംസ്ഥാനങ്ങളിലും, കേന്ദ്ര ഭരണ പ്രദേശങ്ങളിലും തുടക്കം കുറിച്ചു. 5.3 ലക്ഷം ബൂത്ത് ലെവൽ ഓഫിസർമാരും 7.64 ലക്ഷം ബൂത്ത് ലെവൽ ഏജന്റുമാരുമാണ് ഈ പ്രക്രിയയ്ക്കായി പ്രവർത്തന രംഗത്തുള്ളത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി

..........വോയ്സ്.........

സംസ്ഥാനത്ത് ഇന്നലെ രാത്രി എട്ടു മണി വരെയുള്ള കണക്കു പ്രകാരം 207528 പേർക്കാണ് എന്യൂമറേഷൻ ഫോം വിതരണം ചെയ്തിട്ടുള്ളത്. ആദ്യ ദിനമായിരുന്ന ഇന്നലെ മുതിർന്ന പൗരൻമാരുടേയും പ്രമുഖ വ്യക്തികളുടേയും

വീടുകളിൽ എത്തി ബൂത്ത് ലെവൽ ഓഫിസർമാർ എന്യൂമറേഷൻ ഫോം വിതരണം ചെയ്തു. മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു ഖേൽക്കർ മുതിർന്ന ചലച്ചിത്ര താരം മധുവിന് എന്യൂമറേഷൻ ഫോം നൽകുകയും പൂരിപ്പിച്ചു സ്വീകരിക്കുകയും ചെയ്തു. പല ജില്ലകളിലും ജില്ലാ തെരഞ്ഞെടുപ്പ് ഓഫിസർമാർ കൂടിയായ ജില്ലാ കളക്ടർമാർ പ്രമുഖ വ്യക്തികളുടെ വീടുകളിലെത്തി ഫോം നൽകി. വരും ദിവസങ്ങളിൽ ബൂത്ത് ലെവൽ ഓഫിസർമാർ ഫോം വിതരണം ചെയ്യാനും തിരികെ സ്വീകരിക്കാനുമായി കുറഞ്ഞത് മൂന്നു തവണയെങ്കിലും വീടുകൾ സന്ദർശിക്കും.

✪✪✪

പ്രത്യേക തീവ്ര വോട്ടർപട്ടിക പുതുക്കൽ നടപ്പാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ എന്യുമെറേഷൻ ഫോം വിതരണം ആരംഭിച്ചു. കട്ടിപ്പാറ വള്ളുവർകുന്ന് ഉന്നതിയിൽ സന്ദർശനം നടത്തി ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറായ കളക്ടർ സ്നേഹിൽ കുമാർസിംഗ് എന്യുമെറേഷൻ ഫോം വിതരണം ചെയ്തു.

✪✪✪

രണ്ടാംഘട്ട തീവ്ര വോട്ടർപട്ടിക പരിഷ്കരണം സംബന്ധിച്ച് കേരളത്തിലെ വിഷയങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇന്ന് സർവ്വകക്ഷിയോഗം ചേരും. വൈകിട്ട് നാലരയ്ക്ക് ഓൺലൈനായാണ് യോഗം.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന് വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ ഇന്ന് കൂടി അവസരം. കഴിഞ്ഞ മാസം 25ന് പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത, അർഹരായവർക്കാണ് പട്ടികയിൽ പേര് ചേർക്കാൻ ഇന്നുകൂടി അവസരം നൽകുന്നത്.

✪✪✪

കേന്ദ്ര യുവജനകാര്യ - കായിക മന്ത്രാലയം, ആഭ്യന്തര മന്ത്രാലയത്തിന്റെ സഹകരണത്തോടെയും, മേരാ യുവ ഭാരത് മുഖേനയും സംഘടിപ്പിക്കുന്ന 17-ാമത് ട്രൈബൽ യുവ എക്സ്ചേഞ്ച് പ്രോഗ്രാം ഇന്നു മുതൽ ഈ മാസം 11 വരെ കോഴിക്കോട് ഗവൺമെന്റ് യൂത്ത് ഹോസ്റ്റലിൽ നടക്കും. ഗോത്രപ്രദേശങ്ങളിലെ യുവജനങ്ങളെ പരിചയപ്പെടുത്താനും, ഭരണസംവിധാനങ്ങളുമായി സംവദിക്കാനും, ദേശീയ ഐക്യബോധം വികസന മാതൃകകൾ വളർത്താനും ലക്ഷ്യമിട്ടാണ് പരിപാടി സംഘടിപ്പിക്കുന്നത്.

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നാളെ ഉച്ചയ്ക്ക് പരിപാടി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും.

✪✪✪

ഏഴിമല ഇന്ത്യൻ നാവിക അക്കാദമി സംഘടിപ്പിക്കുന്ന ദേശീയ മെഗാ ക്വിസ് മത്സരമായ തിങ്ക് 2025  ഫൈനൽ ഇന്ന്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി നടത്തിയ ക്വിസ് മത്സരത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 16 സ്കൂളുകളിലെ കുട്ടികളാണ്  മത്സരത്തിൽ പങ്കെടുക്കുന്നത്.

✪✪✪

വന്യജീവികളെ കൂട്ടിലടക്കാതെ, അവയുടെ സ്വാഭാവികതയിൽ നിർത്തി കണ്ടാസ്വദിക്കാൻ കഴിയുന്ന രീതിയിൽ മാതൃകാ ബയോളജിക്കൽ പാർക്കാണ് മുതുകാട് ആരംഭിക്കാൻ പോകുന്നതെന്ന്  മന്ത്രി AK ശശീന്ദ്രൻ പറഞ്ഞു. വനം വകുപ്പിന് കീഴിൽ ആരംഭിക്കുന്ന ബയോളജിക്കൽ പാർക്കിന്റെ നിർമാണ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിന് ഓഫീസിന്റെ ഉദ്ഘാടനവും അനിമൽ ഹോസ്പൈസ് സെന്ററിന്റെ തറക്കല്ലിടലും കോഴിക്കോട് പെരുവണ്ണാമൂഴിയിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

പരിക്കേറ്റ വന്യമൃഗങ്ങളെ ചികിത്സിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള കേന്ദ്രമാണ് അനിമൽ ഹോസ്പൈസ് സെന്റർ.

✪✪✪

BJP സംസ്ഥാന അദ്ധ്യക്ഷൻ  രാജീവ് ചന്ദ്രശേഖർ നേമം മണ്ഡലത്തിൽ നയിക്കുന്ന വികസിത അനന്തപുരി സന്ദേശ പദയാത്ര ഇന്ന്. പൂജപ്പുര ജംഗ്ഷനിൽ വൈകിട്ട് മുതിർന്ന നേതാവ് കുമ്മനം രാജശേഖരൻ പദയാത്ര ഉദ്ഘാടനം ചെയ്യും.

കാലടി ജംഗ്ഷനിൽ സമാപന സമ്മേളനം സംസ്ഥാന ജനറൽ സെക്രട്ടറി S സുരേഷ് ഉദ്ഘാടനം ചെയ്യും.

✪✪✪

പ്രവാസികളുടെ സേവനത്തിനായി ഇ-സേവ കേന്ദ്രം ആരംഭിക്കാൻ ഗവൺമെന്റിനോട് ശുപാർശ ചെയ്യുമെന്ന് പ്രവാസി കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് സോഫി തോമസ് പറഞ്ഞു. കോഴിക്കോട് ഗവ. പോളിടെക്നിക്കിൽ സംഘടിപ്പിച്ച പ്രവാസി കമ്മീഷൻ അദാലത്തിൽ സംസാരിക്കുകയായിരുന്നു അവർ.

പ്രവാസികളുടെ പ്രശ്ന പരിഹാരത്തിന് പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പരമാവധി വേഗത്തിൽ പരിഹാരത്തിന് ശ്രമിക്കുന്നുണ്ടെന്നും അവർ പറഞ്ഞു.

✪✪✪

ശബരിമലയിലെ പൂജകൾ ഭക്തർക്ക് ഓൺലൈനിലൂടെ ഇന്ന് മുതൽ ബുക്ക് ചെയ്യാം. സന്നിധാനത്ത് താമസിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഓൺലൈൻ അക്കോമഡേഷൻ ബുക്കിംഗും ഇന്ന് ആരംഭിക്കും. www.online tdb.com എന്ന വെബ്സൈറ്റ് വഴിയാണ് ബുക്കിംഗ് ലഭ്യമാവുക.

✪✪✪

മലയോര ജനതയുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ഗവൺമന്റിന് സാധിച്ചെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. കോഴിക്കോട് മുക്കംപാലം, മുക്കം നഗര സൗന്ദര്യവത്കരണത്തിന്റെ രണ്ടാം ഘട്ടം എന്നിവയുടെ പ്രവൃത്തി ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പശ്ചാത്തല വികസനത്തിലെ ഹബ്ബായി കേരളം മാറിയെന്നും അടിസ്ഥാന സൗകര്യ വികസനത്തിൽ കഴിഞ്ഞ ഒമ്പത് വർഷത്തിനിടെ വലിയ കുതിച്ചുചാട്ടമാണ് ഉണ്ടായതെന്നും മന്ത്രി പറഞ്ഞു.

✪✪✪

ആനന്ദ് മാതൃകാ ക്ഷീരസഹകരണ സംഘങ്ങളുടെ പുതിയ നിയമാവലി ഇന്ന് ഉച്ചക്ക് മന്ത്രി J ചിഞ്ചുറാണി മിനിസ്റ്ററുടെ ചേംബറിൽ പ്രകാശനം ചെയ്യും. കേരളത്തിൽ ആനന്ദ് മാതൃക ക്ഷീരസഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് ആരംഭം കുറിച്ച 1980 കളിൽ തയ്യാറാക്കിയ നിയമാവലിയ്ക്കാണ് 45 വർഷങ്ങൾക്ക് ശേഷം മാറ്റം വന്നിരിക്കുന്നത്. ക്ഷീരവികസന വകുപ്പാണ് പുതിയ നിയമാവലി തയ്യാറാക്കിയിരിക്കുന്നത്.

✪✪✪

*News Editor പി ചന്ദ്രബാബു*
*News Reader സബിത കെ*
*NRTs: സാലിം*
*DEO: സി കെ സുബോധ്*